ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് സംബന്ധിച്ച രേഖകൾ നേരിട്ട് കൈപ്പറ്റുന്നതിന് പ്രയാസം നേരിടുന്നതായി ഉദ്യോഗസ്ഥർ ആരും തന്നെ രേഖാമൂലമോ അല്ലാതെയോ ആക്ഷേപം ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) KFC Article 244 B പ്രകാരം ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിക്കുന്നതിനുള്ള അധികാരി ബന്ധപ്പെട്ട വകുപ്പ് തലവൻമാരാണ്. ആയതിനാൽ ജില്ലാതല അധികാരിക്ക് ഈ ചുമതല നൽകുവാൻ നിലവിലെ നിയമപ്രകാരം സാധിക്കുന്നതല്ല.

വിവിധതരം പനികൾ പരിശോധിച്ച് തിരിച്ചറിയുന്നതിനുള്ള ലാബുകൾ

18 (4301) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യരിൽ വ്യാപകമാകുന്ന വിവിധതരം പനികൾ വേഗത്തിൽ പരിശോധിച്ച് തിരിച്ചറിയുന്നതിനുള്ള ലാബുകൾ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഇത്തരത്തിലുള്ള ഏതെങ്കിലും ലാബുകൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) വൈറോളജി ലാബുകളുടെ അഭാവംമൂലം പരിശോധനാഫലം വൈകുകയും രോഗികളെ രക്ഷിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നുണ്ടോ; വിശദീകരിക്കാമോ ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ആലപ്പുഴ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ എത്ര രോഗികളുടെ പരിശോധനാ ഫലം വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബുകളിൽ വിവിധതരം പനികൾ വേഗത്തിൽ തിരിച്ചറിയുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഈ സംവിധാനത്തിനുപുറമെ ആലപ്പുഴ ജില്ലയിൽ രണ്ട് ജില്ലാ പബ്ലിക് ഹെൽത്ത് ലാബുകളും എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ മൂന്ന് റീജിയണൽ ലാബുകളും തിരുവനന്തപുരത്ത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബും ആധുനിക സൗകര്യങ്ങളോടുകൂടി പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ അത്യാധുനിക സൗകര്യങ്ങളോടുകൂടി ഒരു പി.സി.ആർ. ലാബ് സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ തുടങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്. ആധുനിക ടെസ്റ്റുകൾ കൃത്യമായും അതിസൂക്ഷ്മമായും ചെയ്യുവാൻ സൗകര്യമുള്ള പി.സി.ആർ. ലാബ് 2014 ഫെബ്രുവരി മാസം തിരുവനന്തപുരത്തെ സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിനോടനുബന്ധിച്ച് തുടങ്ങിയിട്ടുണ്ട്.

(സി) ആലപ്പുഴയിലുള്ള വൈറോളജി ലാബ്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി എന്നീ ലാബുകളാണ് പുതിയതരം പനികളുടെ വൈറോളജി പരിശോധന നടത്തിവരുന്നത്. എന്നാൽ ഈ സെന്ററുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില പ്രത്യേക പനികളുടെ വൈറോളജി പരിശോധന പൂണെയിലെ NIV ലാബിലും മംഗലപുരത്തെ കസ്തൂർബാ ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട്, ഡൽഹിയിലുള്ള NCDC-യിലുമാണ് നടത്തിവരുന്നത്.

(ഡി&ഇ) ആലപ്പുഴ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ആരോഗ്യവകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതല്ല.

മന്ത് രോഗം

19 (4302) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മന്തുരോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ മന്തുരോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് മന്തുരോഗം സ്ഥിരീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ജില്ലയിൽ മന്ത് രോഗം തടയുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) രാത്രികാല രക്തപരിശോധന, ജില്ലാ ആശുപത്രികളിൽ നടത്തുന്ന സ്റ്റാറ്റിക് ക്ലിനിക്കുകൾ, മന്തുരോഗ പരിചരണ ക്ലിനിക്കുകൾ, മന്തുരോഗ നിവാരണ ഗുളികകൾ നൽകുക, എല്ലാ പഞ്ചായത്തിലും വാർഡുതലത്തിലുള്ള ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, മന്തുരോഗം പരത്തുന്ന കൊതുകുകളുടെ

LIBRARY ARCHIVES Kerala Legislative Assembly